ശ്രീ. കെ.എ. ശിവരാമഭാരതി: വളരെയേറെ ഉത്തരവാദിത്വമുള്ള ബഹുമാനപ്പെട്ട മന്ത്രിമാരുടെ പേരിൽ വരുന്ന ആരോപണങ്ങൾ ഇത്ര അലക്ഷ്യമായ നിലയിൽ കൈകാര്യം ചെയ്യുന്നത് ശരിയാണോ; ഈ നിലയിൽ നടപടി സ്വീകരിച്ചുകഴിഞ്ഞാൽ ഗവൺമെൻറുതലത്തിലുള്ള ഉദ്യോഗസ്ഥൻമാരിൽ തന്നെ വൈഷമ്യങ്ങളും ബുദ്ധിമുട്ടും ഉണ്ടാക്കുകയില്ലേ; അവരെതന്നെ അഴിമതിക്ക് പ്രേരിപ്പിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയില്ലേ. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കുമോ ?

ശ്രീമതി. കെ. ആർ. ഗൗരി: അലക്ഷ്യമൊന്നുമില്ല. ശിവരാമഭാരതിയോടു പറയുകയാണ് ഇത് വലിയൊരു പ്രശ്നമാണ്. അലക്ഷ്യമായ പ്രശ്നമൊന്നുമില്ല. അലക്ഷ്യമെന്നു പറഞ്ഞ് തള്ളിക്കളയാൻ പറ്റുകയില്ല. ഏതെങ്കിലും ഒരു ഗവൺമെൻറിനെ മാറണമെന്നുണ്ടെങ്കിൽ മുഖ്യമന്ത്രിയുടെപേരിൽ ആരോപണം വച്ച് ഞങ്ങൾ തെളിവുതരാമെന്ന് എഴുതികൊടുത്താൽ ഉടനെ അന്വേഷണം order ചെയ്താൽ മന്ത്രിസഭകാണുകയില്ല. ഇതാണ് അഴിമതിവിരോധാഘോഷത്തിൻെറ പിന്നിലെക്കഥയും.

(ii) WRITTEN ANSWERS

ടി. സി. സി.

* 258 [914] ശ്രീ. എം. കെ. ദിവാകരൻ :
ശ്രീ. ടി. എ. മജീദ് : } താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1967–68, 1968–69 എന്നീ വർഷങ്ങളിൽ ടി. സി. സി. യുടെ ലാഭം എന്ത് ;

(ബി) 1967–68-നെ അപേക്ഷിച്ച് 1968–69-ൽ ടി.സി.സി. യുടെ മൊത്തവിൽപനയിലെ പുരോഗതി എന്താണ് ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ടി. സി. സി. യ്ക്ക് 1967–68-ൽ 16.88 ലക്ഷം രൂപ നഷ്ടവും 1968–69-ൽ 16.87 ലക്ഷം രൂപ ലാഭവും ഉണ്ടായിട്ടുണ്ട്.

(ബി) 1967–68-നെ അപേക്ഷിച്ച് 1968–69-ൽ ടി. ടി. സി. യിലെ മൊത്തവിൽപന 1 കോടി 53 ലക്ഷത്തിൽനിന്നു 3 കോടി 1 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്.

Promotion of Tourism

* 259 [917] **Shri S. P. Luiz :** Will the Works Minister be pleased to state:

(*a*) Is there a Central Body in this State to look after the promotion of Tourism ;

(*b*) If so which is the Central Body and who are its members ;

(*c*) Have the Government considered the question of getting the active co-operation of those who have contact with foreign countries for the promotion of Tourism ?

LIBRARY ARCHIVES Kerala Legislative Assembly

Minister for Works (**Shri T.K.Divakaran**):

(*a*) No.

(*b*) Does not arise.

(*c*) This has not been considered so far.

പെട്രോളിയം നിക്ഷേപങ്ങൾ

* 260 [918] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എവിടെയെങ്കിലും പെട്രോളിയം നിക്ഷേപങ്ങൾ കണ്ടെത്തിയതായി ഗവൺമെൻറിനു വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ;

(സി) ഗവൺമെൻറ് ഇക്കാര്യത്തിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) കേരള സർവ്വകലാശാലയുടെ ഓഷ്യാനോഗ്രാഫിക്ക് ലാബറട്ടറി മുഖേന എണ്ണനിക്ഷേപ ഗവേഷണം നടത്തുന്നതിന് നടപടി എടുത്തിട്ടുണ്ട്. ഇതുപോലെതന്നെ കേന്ദ്ര ഗവൺമെൻറിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

കസാബാ ഇൻഡസ്ട്രീസ്

* 261 [920] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കസാബാ ഇൻഡസ്ട്രീസിനു വേണ്ടി പാലോട്ട് റിസർവു ചെയ്തിരിക്കുന്ന സ്ഥലത്ത് എന്തു വ്യവസായം തുടങ്ങാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് ;

(ബി) കസാബാ ഇൻഡസ്ട്രി നടത്താമെന്ന് ഏറ്റിരുന്നവർ എന്തുകൊണ്ട് വ്യവസായം ആരംഭിച്ചില്ല എന്നു പറയാമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) സ്റ്റാർച്ച്, ഗ്ലൂക്കോസ് മുതലായ ഉൽപന്നങ്ങൾക്കുവേണ്ടി ഒരു വ്യവസായസ്ഥാപനം.

(ബി) ശ്രീ. വി. പി. മേനോൻറെ മരണത്തിനുശേഷം കമ്പനിയുടെ കാര്യങ്ങൾ നോക്കുന്നതിന് മറ്റാരുമില്ലാതായതുകൊണ്ടാണ്.

കീഴ്ക്കോടതികൾ

* 262 [924] ശ്രീ. എം. എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളത്തെ കീഴ്ക്കോടതികൾ ഇപ്പോഴുള്ള കെട്ടിടത്തിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതിന് വല്ല പരിപാടിയും ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എങ്ങോട്ട് മാറ്റി സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly